**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **12-06-2024 - ൽ മറുപടിയ്ക്ക്**

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പെരുവള്ളൂർ, ചേലേമ്പ്ര, പള്ളിക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന പ്രധാന പദ്ധതിയുടെ അൻപത് ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വിവിധ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിക്കാത്തതു കാരണം പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു മരാമത്തു വകുപ്പുമായി നിരന്തരം ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി റോഡുകൾക്ക് കട്ടിങ്ങ് അനുമതി നൽകുന്നതിന് മുമ്പായി, പൊതുമരാമത്ത് വകുപ്പ് കേരള വാട്ടർ അതോറിറ്റിക്ക് ഡിമാന്റ് നോട്ട് നൽകിയെങ്കിലും ജെ.ജെ.എം. ഫണ്ടിന്റെ നിലവിലെ വിനിയോഗ സാഹചര്യം മൂലം പൊതുമരാമത്ത് വകുപ്പിനു ഫണ്ട് കൈമാറാൻ സാധ്യമല്ലെന്ന് വാട്ടർ അതോറിറ്റി അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിൽ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ റോഡ് കട്ടിങിനു വേണ്ടി 46 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 43 എണ്ണത്തിന് ഡിമാൻഡ് നോട്ടീസ് ലഭിച്ചു. റെസ്റ്റോറേഷൻ തുക അടച്ചു അനുമതി ലഭിച്ചത് - 22 എണ്ണം. റെസ്റ്റോറേഷൻ തുക അടവാക്കാനുള്ളത് - 21 എണ്ണം. ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാ ഡിമാൻഡ് നോട്ടീസിനും ഫണ്ട് കൈമാറാൻ സാധിച്ചിട്ടില്ല. |
| (സി) | കേരള വാട്ടർ അതോറിറ്റിയുടെ ബോണ്ടിന്റെ അടിസ്ഥാനത്തിൽ റോഡ് കട്ടിങ്ങ് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകുമെന്ന് ധാരണയായിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഭേദഗതി ചെയ്ത ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ ബോണ്ടിന്റെ അടിസ്ഥാനത്തിൽ റോഡ് കട്ടിങ്ങ് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകുമെന്ന് PWD സെക്രട്ടറിയുമായുള്ള യോഗത്തിൽ ധാരണയായിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടിക്രമങ്ങൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ